പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2618 — 19/07/2011 - ൽ മറുപടിക്ക്

## വിമാനത്താവളങ്ങൾവഴി മനുഷ്യക്കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. സി കൃഷ്ണൻ :<br>ശ്രീ. എം. ഹംസ : | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ വിമാനത്താവളങ്ങൾവഴി മനുഷ്യക്കടത്ത് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) മതിയായ യാത്രാ രേഖകളില്ലാതെ ചിലർ യാത്ര ചെയ്യാനിടയായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഇതിന് ഉദ്യോഗസ്ഥരുടെ സഹായം ലഭിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ ; | (ബി) ചില ഒറ്റപ്പെട്ട കേസുകളിൽ ഉദ്യോഗസ്ഥരുടെ പങ്കുള്ളതായി കണ്ടിട്ടുണ്ട്. |
| (സി) തീവ്രവാദികളുടേതടക്കമുള്ള ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത് അതീവ ഗൗരവമുള്ള വിഷയമായി കരുതുന്നുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) അതീവ ഗൗരവമുള്ള വിഷയമായിത്തന്നെ ഇതിനെ കാണുകയും ഉത്തരവാദികളെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അച്ചടക്ക നടപടികൾ തുടർന്ന് വരുന്നുമുണ്ട്. വിമാനത്താവള ഇമിഗ്രേഷൻ വിഭാഗത്തിലെ പരിശോധന കൂടുതൽ സൂക്ഷ്മവും, കർശനവും, കാര്യക്ഷമവുമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ